## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6023

04 .11.2016-ൽ
മറുപടിയ്ക്ക്

## സേവനങ്ങൾ ഓൺലൈൻ ആക്കാൻ പദ്ധതി

ചോദ്യം
ശ്രീ.സി. ദിവാകരൻ

മറുപടി
ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

(എ) ഭൂനികുതി സ്വീകരിക്കൽ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ ഭൂസംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്തു കൊണ്ട് നടപ്പിലാക്കുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/ മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നു തന്നെ ഒടുക്കാൻ കഴിയുന്നതാണ്. ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

G.O. (MS) No. 117/2016/RD തീയതി 16/02/2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പെയ്മെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ